# ഹയർ സെക്കന്ററി രണ്ടാം വർഷം

## മലയാളം - യൂണിറ്റ് 02

# തനതിടം

www.rrvgirls.com

മലയാളിയുടെ സംസ്കാരരൂപീകരണത്തിന് അടിത്തറയായി വർത്തിച്ച കലാപാരമ്പര്യങ്ങളും സാഹിത്യപാഠങ്ങളും പരിചയപ്പെടുത്തുന്ന യൂണിറ്റാണിത്. നാടോടി നാടകം, ആട്ടക്കഥ, നാടകം എന്നിവ ഈ യൂണിറ്റിൽ ഉണ്ട്. രംഗഭാഷയുടെ സവിശേഷതകൾ പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഉണ്ണായിവാര്യരുടെ കേശിനീ മൊഴി കാവാലം നാരായണപ്പണിക്കരുടെ അഗ്നിവർണന്റെ കാലുകൾ എന്നീ പാഠഭാഗങ്ങളിലൂടെ നമ്മുടെ തനത് രംഗാവതരണങ്ങളെക്കുറിച്ച് സാമാന്യധാരണ ലഭിക്കും.

കലാമണ്ഡലം ഹൈദരാലിയുടെ പദത്തിന്റെ പഥത്തിൽ എന്ന ആത്മകഥാഭാഗം കലാകാരന്റെ ആത്മസംഘർഷങ്ങളിലൂടെയുള്ള സഞ്ചാരമാണ്. മാപ്പിളക്കലകളുടെ അരങ്ങിലേയ്ക്കുള്ള ചൂണ്ടുപലകയെന്ന നിലയിലാണ് പുലിക്കോട്ടിൽ ഹൈദറിനെക്കുറിച്ച് ഡോ.എം.എൻ.കാരശേരി എഴുതിയ മാപ്പിളപ്പാട്ടിലെ കേരളീയത എന്ന പഠനം ഉൾപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ രംഗകലകളുടെ സവിശേഷതകളും ചരിത്രവും സാമാന്യമായി പരിചയപ്പെടാനും തനത് സംസ്കാരം മനസ്സിലാക്കാനും ഈ യൂണിറ്റ് സഹായകമാകും.

രംഗകലയുടെ സവിശേഷതകൾ പരിചയപ്പെടുന്ന ഈ യൂണിറ്റിൽ ആമുഖമായി തന്നിരിക്കുന്ന നാടോടിക്കലാരൂപമായ കാക്കാരശ്ശിപ്പാട്ട് (കാക്കാരശ്ശി നാടകം) വളരെ പ്രാധാന്യമുള്ളതാണ്. ഇന്നു നാം കാണുന്ന ആധുനികവും ശ്രേഷ്ഠവുമായ പല കലാരൂപങ്ങളുടെയും ഉൾഭവത്തിനു കാരണം പ്രക്തനമായ ആചാരാനുഷ്ഠാനങ്ങളും കലാരൂപങ്ങളുമാണ്. അതിലൊന്നാണ് തെക്കൻ കേരളത്തിലെ അതിസാധാരണക്കാരുടെ കലാരൂപങ്ങളിൽ ഒന്നായ കാക്കാരശ്ശി നാടകം.

## കാക്കരിശ്ശിനാടകം.

കേരളത്തിലെ നാടോടികളായ കാക്കാലന്മാർ പരമ്പരാഗതമായ രീതിയിൽ അവതരിപ്പിച്ചു വരുന്ന ആക്ഷേപഹാസ്യനാടകമാണ് **കാക്കരിശ്ശിനാടകം.** സംഗീതം, സംഭാഷണം, നൃത്തം, ആംഗികാഭിനയം തുടങ്ങിയവ ഉൾച്ചേർന്ന കലാരൂപമാണ് കാക്കാരിശ്ശി നാടകം. മധ്യതിരുവതാംകൂറിനു തെക്കോട്ടുള്ള പ്രദേശങ്ങളിൽ നിലനിന്നു പോന്നിരുന്ന ഒരു നാടൻ കലയാണിത്. മധ്യതിരുവതാംകൂറിൽ പാണന്മാർ, കമ്മാളന്മാർ എന്നിവരും, തെക്ക് ഈഴവരും കുറവരുമാണ് ഇവ അവതിരിപ്പിക്കുന്നത്.

കാക്കാരിശ്ശികളി, കാക്കാലച്ചിനാടകം, കാക്കാരുകളി എന്നും കേരളത്തിൻറെ ചിലഭാഗങ്ങളിൽ അറിയപ്പെടുന്നു. ശിവൻ, പാർവതി, ഗംഗ തുടങ്ങിയ പുരാണ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയാണ് നാടകങ്ങൾ അരങ്ങേറുന്നത്. ഇവർ സമൂഹത്തിലെ ഏറ്റവും താഴ്ന്ന സമുദായമായ കാക്കാലന്മാരുടെ ഇടയിൽ ജനിക്കുന്നതായാണ് കഥയുടെ പ്രധാന ചട്ടക്കൂട്. ഇതിനോട് അനുദിനത്തിലെ കഷ്ടപ്പാടുകളും വിഷമതകളും മനുഷ്യന്റെ വിവിധഭാവങ്ങളും ചേർത്താണ് കഥയുടെ മറ്റു ഭാഗങ്ങൾ രൂപപ്പെടുത്തുന്നത്. മൂന്ന് പ്രധാന തരങ്ങളിലാണ് കാക്കരശ്ശി നാടകം അവതരിപ്പിച്ചു വരുന്നത്.

## പേരിനു പിന്നിൽ

കുറവർ, ഈഴവർ, നായന്മാർ എന്നീ സമുദായങ്ങൾ ഇന്ന് ഈ നാടകരൂപം അവതരിപ്പിക്കുന്നുണ്ടെങ്കിലും ആദ്യകാലങ്ങളിൽ കാക്കാലർ എന്ന നാടോടിവർഗ്ഗമാണ് ഈ കലാരൂപം അവതരിപ്പിച്ചിരുന്നത്. അവരിൽ നിന്നാണ് കാക്കാരിശ്ശി എന്ന പേരു ലഭിക്കുന്നത്.

## തരംതിരിവ്

കാക്കാരുകളി ഇന്ന് മൂന്ന് തരത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. തിരുവനന്തപുരത്തിനടുത്തുള്ള കല്ലറ, വിതുര, പേരയം എന്നീ ഗ്രാമപ്രദേശങ്ങളിൽ മലവേടരാണ് കാക്കാരുകളി അവതരിപ്പിക്കുന്നത്. നെടുമങ്ങാടും ആറ്റിങ്ങലും ഈ നാടോടി നൃത്തം കുറവരാണ് അവതരിപ്പിച്ചു വരുന്നത്. ഈ നൃത്തരൂപത്തിൽ ആകൃഷ്ടരായി ഈഴവരും നായന്മാരും കാക്കാരിശ്ശി നാടകം അവതരിപ്പിച്ചു വരുന്നതാണ് മൂന്നാമത്തെ തരം. ഇവർ കൂടുതലായും നഗരപ്രാന്തങ്ങളിലാണ് നാടകം അവതരിപ്പിക്കുന്നത്. നെടുമങ്ങാടുള്ള കാക്കാരിശ്ശി കളിക്കാർ കുറവരും ഈഴവരും അടങ്ങിയ സംഘമാണെങ്കിൽ തിരുവല്ലയിലും പന്തളത്തുമുള്ള കാക്കാരിശ്ശികളിക്കാർ പ്രധാനമായും നായർ സമുദായാംഗങ്ങളാണ്

## ഉത്ഭവം

ഈ കലാരൂപത്തിന്റെ ഉത്ഭവം തമിഴ്നാട്ടിൽ നിന്നാണ്. മലവേടർ അവതരിപ്പിക്കുന്ന കാക്കാരിശ്ശി വേടരുകളി എന്നറിയപ്പെടുന്ന (തമിഴ്) ഒന്നിൽ നിന്നാണ് ഉത്ഭവം കൊണ്ടത്. കുറവൻ അവതരിപ്പിക്കുന്നതിന്റെ പൂർവ രൂപമാകട്ടെ കുറത്തികളിയും. എന്നാൽ മേൽ പറഞ്ഞ പൂർവരൂപങ്ങളിൽ നിന്ന് കാക്കാരിശ്ശികളിയിലേക്കുള്ള പരിണാമം എങ്ങനെയായിരുന്നു എന്ന് വ്യക്തമായ അറിവില്ല. ഗ്രാമപ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഈ കലാരൂപം നഗരങ്ങളിലുള്ളവരേയും ആകർഷിക്കുകയും കൂടുതൽ അന്യജാതിക്കാർ ഈ കലാരൂപത്തെ വളർത്താൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

www.rrvgirls.com

## കാക്കാലർ

കേരളത്തിലെ ജാതിസമ്പ്രദായത്തിൽ ഏറ്റവും താഴെക്കിടയിലുള്ളവരെന്ന് കരുതിപ്പോന്നിരുന്ന കാക്കാലർ നാടോടികളായ വർഗ്ഗങ്ങളാണ്. ഇന്നും അവർ നാടോടി പാരമ്പര്യം ഏറെക്കുറെ കാത്തുസൂക്ഷിക്കുന്നു. ഭിക്ഷാടനം അവർ അവരുടെ പൈതൃകമായി ലഭിച്ച ജോലിയായി കരുതിപ്പോരുന്നു. ഹസ്തരേഖാശാസ്ത്രം, പക്ഷിശാസ്ത്രം തുടങ്ങിയ ജോലികളും അവർ ചെയ്തുവരുന്നു. കുട നന്നാക്കുന്നവരും ചെരുപ്പുകുത്തികളും ഉണ്ട്. തമിഴും മലയാളവും കലർന്ന ഭാഷയാണ് ഉപയോഗിക്കുന്നത്. കാക്കാരിശ്ശി നാടകത്തിന്റെ പേർ അവരിൽ നിന്നാണുണ്ടായത്.

## കളി

കാക്കാന്മാർ കത്തുന്ന പന്തവുമായി സദസ്യരുടെ ഇടയിലൂടെ അരങ്ങിൽ പ്രവേശിക്കുന്നതോടെ കളി ആരംഭിക്കുന്നു. കളിയരങ്ങിലേക്ക് കാക്കാന്റെ പിന്നിലായി വരുന്ന തമ്പ്രാനുമായുള്ള ചോദ്യോത്തരത്തിലൂടെയാണ് കളിയുടെ ആരംഭം. കളി ഏകദേശം നാലുമണിക്കൂറോളം നീണ്ടുനിൽക്കും. കളിക്കിടയിൽ പല ഉപകഥകളും കൂട്ടിചേർക്കാറുണ്ട്. ഇത് കളിയുടെ ദൈർഘ്യം കൂട്ടുന്നു. പ്രാകൃത രീതിയിലുള്ള വേഷവിധാനങ്ങളാണ് ഉപയോഗിക്കുന്നത്. വാദ്യോപകരണങ്ങളായി ഇലത്താളം, ഗഞ്ചിറ, മൃദംഗം, കൈമണി എന്നിവ ഉപയോഗിക്കുന്നു.

www.rrvgirls.com

# കേശിനീമൊഴി

ഉണ്ണായി വാരിയർ

ദമയന്തിയുടെ രണ്ടാം സ്വയംവര പ്രഖ്യാപനമറിഞ്ഞ് ഋതുപർണ മഹാരാജാവും സാരഥിയായ ബാഹുകനും കുണ്ഡിനത്തിലെത്തുന്നു. ഇതറിഞ്ഞ ദമയന്തി , കൊട്ടാരത്തിലെത്തിയിരിക്കുന്ന ബാഹുകൻ നളനാണോ എന്ന് പരീക്ഷിച്ചറിയാൻ സമർഥയായ തോഴി കേശിനിയെ പറഞ്ഞയയ്ക്കുന്നു. തോഴി ബാഹുകനെ നേരിൽ കണ്ട് സംസാരിക്കുകയും തുടർന്ന് ഒളിഞ്ഞിരുന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. താൻ മനസ്സിലാക്കിയ വിവരങ്ങളൊക്കെ ദമയന്തിയോട് പറയുകയും ചെയ്തു. നളചരിതം ആട്ടക്കഥയിലെ നാലാം ദിവസത്തിലുള്ള ആറാം രംഗത്തിലെ സന്ദർഭമാണ് പാഠഭാഗം.

### ഉണ്ണായിവാരിയരുടെ നളചരിതം

ആട്ടക്കഥാ സാഹിത്യത്തിൽ എന്തുകൊണ്ടും പ്രഥമസ്ഥാനത്തിന് അർഹമായ കൃതി എന്ന് നിരൂപകർ വാഴ്ത്തുന്ന കൃതിയാണ് ഉണ്ണായിവാരിയരുടെ **നളചരിതം**.

ഇതു നാലുദിവസം കൊണ്ട് ആടത്തക്കവണ്ണമാണ് കവി രൂപപ്പെടുത്തിയിട്ടുള്ളത്. മനോഹരമായ ഒരു ദൃശ്യകാവ്യത്തിന്റെയും ശ്രാവ്യകാവ്യത്തിന്റെയും ഗുണഗണങ്ങളെല്ലാം ഇതിൽ പരിലസിക്കുന്നുണ്ട്. മലയാളസാഹിത്യം ആകമാനം പരിശോധിച്ചാലും നളചരിതത്തിന് ഏറ്റവും സമുന്നതമായ സ്ഥാനമാണുള്ളത്. അത് സർവ ലക്ഷണ സമ്പന്നമായ ഒരു സംസ്കൃത നാടകത്തിനു സമമാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മലയാളത്തിലെ ശാകുന്തളം എന്ന പ്രശംസയും അതിനു ലഭിച്ചിട്ടുണ്ട്. പഞ്ചസന്ധികളുടെ അഭിസംയോഗത്തിലും, രസങ്ങളുടെ അംഗാങ്ഗിഭാവസ്ഫുരണത്തിലും നളചരിതത്തോടു കിടനില്ക്കുന്ന മറ്റൊരാട്ടക്കഥയില്ല.

## കഥകളി സംഗീതം

കഥകളിക്കാർക്കെന്നല്ല, തിരുവാതിരക്കളിക്കാർക്കും പാടാൻ അത്യന്തം ഉതകുന്ന പദങ്ങൾ നളചരിതത്തിൽ ധാരാളമുണ്ട്. അതിലെ പ്രാസഭംഗിയും താളഭംഗിയും സംഗീതത്തിന്റെ മാറ്റുകൂട്ടുന്നു. സാഹിത്യത്തിന്റെ ഏതു മാനദണ്ഡമനുസരിച്ചു നോക്കിയാലും നളചരിതം ഒന്നാം കിടയിൽത്തന്നെ ശോഭിക്കുന്നു. ശൃംഗാരാദി നവരസങ്ങളും ഭക്തിവാത്സല്യാദി ഭാവങ്ങളും സന്ദർഭോചിതമായി കൂട്ടിയിണക്കിയിട്ടുള്ളത് ഈ കഥയുടെ രസാഭിനയയോഗ്യതയെ വർധിപ്പിക്കുന്നു. വേഷവൈവിധ്യം കൊണ്ട് ഈ ദൃശ്യകാവ്യത്തെ സുന്ദരമാക്കുവാനും കവിശ്രദ്ധിച്ചിട്ടുണ്ട്. നൃത്തം, നൃത്യം, നാട്യം, ആങ്ഗികം, സാത്വികം, ആഹാര്യം എന്നിങ്ങനെ അഭിനയത്തിന്റെ എല്ലാ ഘടകങ്ങളും ഇതിൽ സമന്വയിച്ചിരിക്കുന്നു. സാത്വികാഭിനയത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുണ്ട്. വാചികത്തിനു പകരമാണു സംഗീതം. അനാവശ്യമായ ഒരു രംഗംപോലും ഈ കഥയിലില്ല. യുദ്ധം, വധം മുതലായവയെയും ഒഴിവാക്കിയിട്ടുണ്ട്. ആദ്യന്തം രസപുഷ്ടി വരുത്തുവാനാണ് കവിയുടെ ശ്രമം.

## കഥ

മഹാഭാരതം വനപർവത്തിൽ 52 മുതൽ 79 വരെയുള്ള 28 അധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കഥാഭാഗമായ *നളോപാഖ്യാന*ത്തെ അവലംബിച്ചാണ് വാരിയർ ആട്ടക്കഥയെഴുതിയിട്ടുള്ളത്. മൂലകഥയിൽ നിന്ന് വലിയ വ്യത്യാസമൊന്നും ഉണ്ണായി തന്റെ കഥയിൽ വരുത്തിയിട്ടില്ല. അല്പം ചില സ്ഥലങ്ങളിൽ ചില നിസ്സാര വ്യതിയാനങ്ങൾ വരുത്തിയിട്ടുള്ളത് ഒരു ദൃശ്യകാവ്യമെന്ന നിലയിൽ തന്റെ കൃതിയെ മോടിപിടിപ്പിക്കാനാണ്. അതിൽ വേണ്ടത്ര ഔചിത്യവും അദ്ദേഹം ദീക്ഷിക്കുന്നുണ്ട്. ഒന്നാം ദിവസത്തെ കഥയെ സംബന്ധിച്ചിടത്തോളം ശ്രീഹർഷന്റെ നൈഷധീയ ചരിതം മഹാകാവ്യത്തെയാണ് വാരിയർ പല സ്ഥലത്തും അനുകരിച്ചിരിക്കുന്നത്.

മഹാഭാരതത്തിൽ വനപർവ്വത്തിൽ വനവാസക്കാലത്ത് കഷ്ടപ്പെടുന്ന പാണ്ഡവരെ കണ്ട്, ബൃഹദശ്വൻ എന്ന മുനി സമാശ്വസിപ്പിക്കാനായി പറഞ്ഞുകൊടുക്കുന്ന കഥയാണ് നളോപാഖ്യാനം. ഇക്കഥയെ അധികരിച്ച് നൈഷധീയചരിതം (നൈഷധം മഹാകാവ്യം) എന്ന് പേരായി സംസ്കൃതത്തിൽ ശ്രീഹർഷൻ എഴുതിയ ഒരു ഉത്തമകാവ്യം ഉണ്ട്. നൈഷധീയചരിതത്തെ അനുകരിച്ചാണ് ഉണ്ണായി വാര്യർ “നളചരിതം” ആട്ടക്കഥ എഴുതിയത്.

പാത്രസൃഷ്ടിയിലും കഥാഘടനയിലും സംഭാഷണ നിബന്ധനയിലും മനോവ്യാപാര പ്രതിപാദനത്തിലുമാണ് ഉണ്ണായിയുടെ പാടവം സവിശേഷം നിഴലിക്കുന്നത്.

ഒരു നാടകകവിയുടെ സകലവിധ കഴിവുകളോടും കൂടി അദ്ദേഹം ഓരോ കഥാപാത്രത്തെയും അവതരിപ്പിക്കുന്നു. തിരഞ്ഞെടുത്തിരിക്കുന്ന കഥാസന്ദർഭങ്ങളെല്ലാം തികഞ്ഞ നാടകീയ ഭംഗിയെ ആവാഹിക്കയും ചെയ്യുന്നു. പാത്ര സൃഷ്ടിയിൽ ഉണ്ണായിക്കു സമന്മാരായ ഇതര കഥകളി ഗ്രന്ഥകാരന്മാർ ഇല്ലതന്നെ. നായികാനായകന്മാർ മുതൽ നിസ്സാര കഥാപാത്രങ്ങൾ വരെ എല്ലാവർക്കും അദ്ദേഹം മിഴിവു വരുത്തിയിട്ടുണ്ട്. അവർക്ക് കഥയോടു ഗാഢബന്ധമുണ്ട്. കഥാഗതിയിൽ നിർണായകമായ പങ്കുമുണ്ട്. കഥ പ്രതിനിധാനം ചെയ്യുന്ന സമഗ്രമായ ധാർമിക ജീവിതത്തിലെ സങ്കീർണസ്വഭാവങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തികൾ എന്ന നിലയിലും, കഥയുടെ വിവിധഘട്ടങ്ങളിൽ ഒളിവിതറുന്ന തേജഃ പുഞ്ജങ്ങൾ എന്ന നിലയിലും അവർക്ക് ബാഹ്യമായും ആന്തരമായും കഥയോട് അഭേദ്യമായ അടുപ്പമുണ്ട്.

വാരിയരുടെ ഭാഷാരീതിയും ഒന്നു പ്രത്യേകമാണ്. സംസ്കൃതവും മലയാളവും യഥേഷ്ടം അദ്ദേഹം കൂട്ടിയിണക്കുന്നു. അവയ്ക്കുതമ്മിൽ ഭേദമേ കല്പിക്കുന്നില്ല. അനാവശ്യമായി, നിരർഥകമായി, ഒരു പദവും അദ്ദേഹം പ്രയോഗിക്കുന്നില്ല. ശബ്ദസൌന്ദര്യത്തിനും അർഥ നിഷ്കർഷയ്ക്കും നളചരിതകാരൻ തുല്യ പ്രാധാന്യം നൽകുന്നു.

www.rrvgirls.com

## ആശയം

**വെളിച്ചമേ ചെന്നുതിരഞ്ഞോരോരോന്നേ...............വിജനേ പറഞ്ഞാൾ**

ബാഹുകന്റെ മുന്നിൽ നേരിട്ടു ചെന്ന് ഓരോന്ന് അന്വേഷിച്ചതിന് കളിയായ മട്ടിൽ അവൻ മറുപടി പറഞ്ഞ വാക്കുകൾ കേട്ടിട്ട് തോഴി പിൻമാറുന്നു. പക്ഷേ ഒളിച്ചുനിന്ന് ചില കാര്യങ്ങൾ അവൾ അറിയുന്നു. ഇപ്രകാരം തന്റെ ദൗത്യം സാമർഥ്യത്തോടെ ചെയ്ത തോഴിയായ കേശിനി മറ്റാരുമില്ലാത്ത സ്ഥലത്തേയ്ക്ക് ഭൈമിയെ ( ദമയന്തി) വിളിച്ചുകൊണ്ടു പോയിട്ടു പറഞ്ഞു.

**പൂമാതിനൊത്ത................ചൊന്നാൻ**

ലക്ഷ്മീദേവിയെപ്പോലെ മനോഹരമായ ശരീരത്തോടു കൂടിയവളായ ഭൈമീ നീ കേട്ടാലും. ഈ ബാഹുകൻ പുരുഷരത്നമാണ്. ബുദ്ധിമാനായ അവൻ എന്നോട് അവന്റെ പേരും മറ്റു വിവരങ്ങളും പറഞ്ഞു.

**നളനില്ലൊരപരാധം.........ഫലിതമത്രേ പാർത്തോളം**

നളൻ ഒരപരാധവും ചെയ്തിട്ടില്ല. വല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിൽ കുലനാരിക്ക് കോപം ഉണ്ടാവരുത്. വാക്കുകൾ കേട്ടിട്ട് ദുഷ്ടനാണെന്നു തോന്നുന്നില്ല. എന്തെങ്കിലും കളവ് ഉള്ളതായും തോന്നുന്നില്ല. വേറെയും ചില കാര്യങ്ങൾ പറഞ്ഞു. ശ്രദ്ധിച്ചിടത്തോളം പലതും തമാശയായിട്ടാണ് തോന്നുന്നത്.

**അന്നാദി പാകസംഭാരം..........ദഹനൻ കത്തിയുദാരം**

ചോറും കറികളും പാകം ചെയ്യുന്നതിനുള്ള വസ്തുവകകൾ ഭീമരാജാവിന്റെ കൽപനയനുസരിച്ച് എത്തിച്ചേർന്നത് ഞാൻ കണ്ടു. ഒഴിഞ്ഞിരുന്ന കുടം താനേ നിറഞ്ഞു കവിഞ്ഞു. ഏറെ കൗതുകകരം തന്നെയാണത്. യാതൊരു അഹങ്കാരവുമില്ലാതെ അഗ്നി താനേ ജ്വലിക്കുകയും ചെയ്തു.

**വേഗേന വച്ചങ്ങൊരുങ്ങി,.............അവകളപ്പോൾ വിളങ്ങി**

പെട്ടെന്ന് പാചകം തീർത്തിട്ട് ദേഹശുദ്ധിയും വരുത്തി ഋതുപർണനെ ചെന്നു വണങ്ങുകയുണ്ടായി. തിരികെ വന്നു തേരിൽ ഒതുങ്ങിക്കൂടി. അപ്പോൾ തേരിലുണ്ടായിരുന്ന പുഷ്പാലങ്കാരമെല്ലാം മങ്ങിയ മട്ടിലായിരുന്നു. ബാഹുകൻ അവയെ കയ്യിലെടുത്തു തിരുമ്മാൻ തുടങ്ങി. നിമിഷങ്ങൾക്കകം അവ ശോഭിച്ചു. സന്തോഷത്തോടെ ദൂതിയായ കേശിനി പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ ദമയന്തിയ്ക്ക് അതിയായ ആനന്ദമുണ്ടായി. എനിക്ക് യാതൊരു സംശയവുമിനിയില്ല. ഈ വന്നിരിക്കുന്നത് നളൻ തന്നെയാണ് എന്ന് ദമയന്തി മനസ്സിൽ ഉറപ്പിക്കുകയും ചെയ്തു.

ചോദ്യങ്ങൾ-

1. ബാഹുക വേഷത്തിൽ വന്നത് നളൻ തന്നെയാണ് എന്ന് കേശിനി തീർച്ചപ്പെടുത്തിയത് എങ്ങനെ ?

2. കേശിനിയുടെ വാക്കുകളിൽ നിന്ന് ബാഹുകൻ നളനാണെന്ന നിഗമനത്തിലേക്ക് ദമയന്തി ` ` എത്തിച്ചേർന്നതെങ്ങനെ ?

**കുറിപ്പ്....**

*പാഠ പുസ്തകത്തിൽ അഞ്ച് ചോദ്യങ്ങൾ കൊടുത്തുട്ടുണ്ട്. അവയുടെ ഉത്തരം ഈ നോട്ടിൽ നിന്നു കണ്ടെത്തി എഴുതി അയക്കുക.*

കേശിനീമൊഴി പഠിയ്ക്കാനായി രണ്ടു വീഡിയോ പാഠങ്ങൾ അയക്കുന്നു. കാക്കാരശ്ശി നാടകം, നളചരിതം എന്നിവ.കേട്ടു മനസിലാക്കുക. ആവശ്യമുള്ളവ എഴുതി എടുക്കുക.

**ബി.കെ. മണിരാജ്**

**എച്ച്,എസ്,എസ്,ടി. മലയാളം**

**ഗവ. എച്ച്,എസ്.എസ്. പുതുപ്പറമ്പ്, മലപ്പുറം.**

# അഗ്നിവർണന്റെ കാലുകൾ

- കാവാലം നാരായണപ്പണിക്കർ



കാവാലം നാരായണപണിക്കർ

ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലെ ചാലയിൽ കുടുംബാംഗമായി ജനിച്ച കാവാലം നാരായണപണിക്കരുടെ അച്ഛൻ ഗോദവർമ്മയും അമ്മ കുഞ്ഞുലക്ഷ്മി അമ്മയുമായിരുന്നു. സർദാർ കെ.എം. പണിക്കർ കാവാലത്തിന്റെ അമ്മാവനായിരുന്നു. കർമ്മരംഗമായി ആദ്യം അഭിഭാഷകവൃത്തി സ്വീകരിച്ചെങ്കിലും പിന്നീട് വഴിമാറി നാടകത്തിലേക്കെത്തിച്ചേർന്നു. കുട്ടിക്കാലം മുതൽ സംഗീതത്തിലും നാടൻകലകളിലും തല്പരനായിരുന്നു. ഭാര്യ ശാരദാമണി.പരേതനായ കാവാലം ഹരികൃഷ്ണൻ, പ്രശസ്ത പിന്നണിഗായകൻ കാവാലം ശ്രീകുമാർ എന്നിവരാണ് മക്കൾ.

## നാടകപ്രവർത്തനം

ആദ്യകാലത്ത് സംഗീതപ്രധാനമായ നാടകങ്ങളാണ് കാവാലം എഴുതിയത്. ചലച്ചിത്രസംവിധായകനായ അരവിന്ദൻ, നാടകകൃത്തായ സി.എൻ. ശ്രീകണ്ഠൻ നായർ, കവി എം. ഗോവിന്ദൻ, ബന്ധുവായ കവി അയ്യപ്പപണിക്കർ എന്നിവരുമായുള്ള സൗഹൃദം നാടകരംഗത്തെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ അന്വേഷണങ്ങൾക്ക് പ്രേരണ നൽകി.

## തനതുനാടകവേദി

1968-ൽ സി.എൻ. ശ്രീകണ്ഠൻ നായർ പ്രബന്ധരൂപേണ അവതരിപ്പിച്ച തനതുനാടകവേദി എന്ന ആശയത്തിന് ഒരു അവതരണ സമ്പ്രദായം എന്ന നിലയിൽ ജീവൻ നൽകിയത് കാവാലമാണ്. ഇബ്സനിസ്റ്റരീതി പിന്തുടർന്ന മലയാളനാടകവേദിയിൽ ഗുണപരമായ പരിണാമം തനതുനാടകവേദിയിലൂടെയാണ് പ്രകടമായത്. മലയാളിയുടെ ആത്മഭാവമായി മാറാൻ നാടകം എന്ന കലാരൂപത്തിന് സാധിച്ചില്ലെന്നും അതിനു കാരണം നമ്മുടെ പാരമ്പര്യത്തിലല്ല നമ്മുടെ നാടകവേദിയുടെ വേരുകൾ എന്നുമുള്ള ചിന്തയിൽ നിന്നാണ് തനതുനാടകവേദി എന്ന ആശയം രൂപപ്പെടുന്നത്. ഇവിടെ *തനത്* എന്ന വാക്കിന് പ്രാദേശികസാംസ്കാരിക പൈതൃകം എന്നാണ് വിവക്ഷ. കേരളത്തിന്റെ സമ്പന്നമായ രംഗകലാപാരമ്പര്യത്തിൽ നിന്ന് ഊർജ്ജം കൈവരിച്ച് വളരുന്ന ഒരു നാടകവേദി എങ്ങനെ യാഥാർത്ഥ്യമാക്കാം എന്നാണ് തനതുനാടകവേദിയുടെ അന്വേഷണം. കൂടിയാട്ടം, കഥകളി തുടങ്ങിയ ക്ലാസ്സിക്കൽ രംഗകലകളുടെയും തിറ, തെയ്യം തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളുടെയും കാക്കാരിശ്ശി പോലുള്ള നാടോടിനാടകരൂപങ്ങളുടേയും സവിശേഷതയായ ശൈലീകൃതമായ അഭിനയരീതിയാണ് തനതുനാടകവേദിയുടെ സൗന്ദര്യശാസ്ത്രപരമായ അടിത്തറ.

## കവിതയും സംഗീതവും

യഥാതഥ(Realistic) നാടകങ്ങളുടെ ബാഹുല്യവും അവയുടെ പ്രമേയസ്വീകരണത്തിലും പ്രതിപാദനരീതിയിലും അവതരണത്തിലും പ്രകടമായ കൃത്രിമത്വവും, ക്രമേണ നാടോടിക്കലകളിലേക്കും

തനതുപാരമ്പര്യങ്ങളിലേക്കും തിരിയുവാൻ കാവാലം ഉൾപ്പെടെയുള്ള നാടകപ്രവർത്തകരെ പ്രേരിപ്പിച്ചു. നാടോടിക്കലകളുടെ സ്വീകാര്യമായ അംശങ്ങൾ സംയോജിപ്പിച്ച്, നൃത്തം, ഗീതം, വാദ്യം എന്നിവയിൽ അധിഷ്ഠിതമായ തൗര്യത്രിക രംഗാവതരണരീതിയാണ് കാവാലം നാരായണപണിക്കർ തന്റെ നാടകങ്ങളിൽ പ്രയോഗിച്ചത്. നിറപ്പൊലിമയോടുകൂടിയ രംഗചലനങ്ങളോടും താളാത്മകമായ ചുവടുവെപ്പുകളോടുംകൂടി പാരമ്പര്യ നാടകവേദികളിൽ നിന്നും വ്യതിചലിച്ച് തുറസ്സായ സ്ഥലത്തുപോലും അവതരിപ്പിക്കപ്പെടുന്ന കാവാലത്തിന്റെ ശൈലി ഏറെ പ്രേക്ഷകരുടെ മനം കവരുന്നു. തികച്ചും ശൈലീകൃതമായ രംഗാവതരണരീതി കേരളത്തിൽ വേരുറയ്ക്കുന്നത് കാവാലത്തിന്റെ നാടകാവതരണങ്ങളിലൂടെയാണ്.

## നാടകങ്ങൾ

കാവാലത്തിന്റെ ആദ്യകാല നാടകങ്ങൾ സംവിധാനം ചെയ്തത് പ്രൊഫ. കുമാരവർമ്മ, ചലച്ചിത്രസംവിധായകൻ ജി. അരവിന്ദൻ എന്നിവരാണ്. പില്ക്കാലനാടകങ്ങൾ എല്ലാം കാവാലം തന്നെയാണ് സംവിധാനം ചെയ്തത്. കാവാലത്തിന്റെ ഏതാനും നാടകങ്ങൾ ചുവടെ.

- സാക്ഷി (1968) തിരുവാഴിത്താൻ (1969) ജാബാലാ സത്യകാമൻ (1970)
- ദൈവത്താർ (1976) അവനവൻ കടമ്പ (1978) കരിംകുട്ടി (1985)
- നാടകചക്രം (1979) ഏകാങ്കനാടകങ്ങളുടെ സമാഹാരം
- കൈക്കുറ്റപ്പാട് (1993) ഒറ്റയാൻ (1980)
- പുറനാടി (അഞ്ച് നാടകങ്ങളുടെ സമാഹാരം)

## അഗ്നിവർണൻ

കാളിദാസന്റെ രഘുവംശത്തിൽ ഉപവർണിതനായിട്ടുള്ള ഒരു രാജാവാണ് അഗ്നിവർണൻ. പിതാവായ സുദർശനിൽനിന്നു ലഭിച്ച രാജ്യം ഇദ്ദേഹം കുറെനാൾ മുറപോലെ ഭരിച്ചു. ക്രമേണ വിഷയസുഖങ്ങളിൽ മാത്രം ദത്തശ്രദ്ധനായി. ഇത്രത്തോളം സ്ത്രീജിതനായ ഒരു രാജാവ് സൂര്യവംശത്തിൽ ജനിച്ചിട്ടില്ല. രാജ്യകാര്യങ്ങളെല്ലാം മന്ത്രിമാരെ ഏല്പിച്ചിട്ട് ഇദ്ദേഹം മദിരയിലും മദിരാക്ഷിയിലും മുഴുകി. പ്രജകളെ അവഗണിക്കുകയും ഉപദേഷ്ടാക്കളെ പുച്ഛിക്കുകയും ചെയ്തു. കളത്രങ്ങളും വെപ്പാട്ടികളുമായി ക്രീഡിച്ച് രാവും പകലും ചെലവഴിച്ചു. അവരിൽ നിന്നും വിട്ടുപോരാനുള്ള വൈമുഖ്യംകൊണ്ട് ദർശനപ്രാർഥികളായ പ്രജകൾക്കും അമാത്യൻമാർക്കും ജനാലപ്പഴുതിലൂടെ കാലടികൾ മാത്രം കാട്ടിക്കൊടുക്കാനേ ഇദ്ദേഹം കനിഞ്ഞുള്ളൂ. ലൌകിക സുഖാനുഭവങ്ങൾ ഇദ്ദേഹത്തെ അത്രയ്ക്കു നിയന്ത്രിച്ചിരുന്നു. കടിഞ്ഞാണില്ലാത്ത ഈ ജീവിതം നിമിത്തം യൌവനമധ്യത്തിൽ അഗ്നിവർണൻ ക്ഷയരോഗഗ്രസ്തനായി. ഒട്ടേറെ ഭാര്യമാരുണ്ടായിരുന്നിട്ടും സന്താനഭാഗ്യം ലഭിക്കാതെ ഇദ്ദേഹം അന്തരിച്ചു. മന്ത്രിമാർ ഗൂഢമായി ശവസംസ്കാരകർമം നടത്തി. ചികിത്സയ്ക്കെന്ന വ്യാജേന മന്ത്രിമാർ അഗ്നിവർണനെ ജീവനോടെ ദഹിപ്പിക്കുകയായിരുന്നെന്നും ഒരു കഥയുണ്ട്. ഗർഭലക്ഷണം ഒത്തുകണ്ട പട്ടമഹിഷിയാണ് പിന്നീട് കുറേക്കാലം രാജപ്രതിനിധിയായി ഭരണം നടത്തിയത്. രഘുവംശം 19-ാം സർഗത്തിൽ കാളിദാസൻ വർണിക്കുന്ന ഈ കഥഹരിവംശത്തിലും വിഷ്ണുപുരാണത്തിലും വാല്മീകിരാമായണത്തിലും, ഭാഗവതത്തിലും വിവരിച്ചിട്ടുണ്ട്. ഒരു ഭരണാധികാരി എത്രകണ്ട് അധഃപതിക്കാം എന്നതിന്റെ ഉത്തമനിദർശനമായ ഈ കഥയെ ആസ്പദമാക്കി മറ്റ് സാഹിത്യസൃഷ്ടികളും ഉണ്ടായിട്ടുണ്ട്.

അഗ്നിവർണന്റെ കാലുകൾ

അഗ്നിവർണന്റെ കാലുകൾ എന്ന നാടകത്തിൽ ഒരു ഗായകസംഘവും വിദൂഷകൻ, കേവലരാമൻ, ചിന്താരാമൻ, കൊത്തുവാൾ, രാജഗുരു, അടിച്ചുതളിക്കാരി എന്നിങ്ങനെ ആറു കഥാപാത്രങ്ങളുമാണുള്ളത്. പ്രധാന കഥാപാത്രത്തെ പ്രതിനിധീകരിച്ചുകൊണ്ട് രണ്ടു മരക്കാലുകൾ വേദിയിലുണ്ട്. ചലന രഹിതമായ ഈ മരക്കാലുകൾ ജഡതുല്യമായ, നിശ്ചലമായ ഭരണവ്യവസ്ഥയെ പ്രതീകവൽക്കരിക്കുന്നു. ഇതാണ് നാടകത്തിന്റെ കാതൽ. അഗ്നിവർണന്റെ ഭോഗലാലസതയും ജനക്കൂട്ടം നൽകുന്ന ചരണദർശനവും കൊണ്ട് ഈ മരക്കാലുകളെ അരങ്ങിലെത്തിക്കുവാൻ കഴിയുന്നു.

പാഠ സംഗ്രഹം....

അയോധ്യയിലെ അഗ്നിവർണ രാജാവിന്റെ കൊട്ടാരം. വിദൂഷകൻ രണ്ടു മരക്കാലുകൾ തലയിലേറ്റി അരങ്ങിലേയ്ക്ക് പ്രവേശിക്കുന്നു. മൂന്നു നാലു സ്ത്രീകളും അത്രതന്നെ പുരുഷന്മാരും വിദൂഷകനെ അനുഗമിക്കുന്നു. ചുമന്നുകൊണ്ടു വന്ന കാലുകളെ അഗ്നിവർണന്റെ കാലുകൾ എന്നു ഏവരേയും പരിചയപ്പെടുത്തിയ ശേഷം അവയെ സിംഹാസനത്തിൽ വയ്ക്കുന്നു. ജനങ്ങൾ രാജാവിന് വിജയഭേരി മുഴക്കുന്നു. അഗ്നിവർണരാജാവിന്റെ കാലുകൾ പ്രജകളുടെ സങ്കടങ്ങളും പരാതികളും കേൾക്കുമെന്നു പറഞ്ഞതിനു ശേഷം ജനങ്ങളെ ചിരിപ്പിക്കുകയും രാജാവിനെ പുകഴ്ത്തി പ്രാർത്ഥന നടത്തുവാനും വിദൂഷകൻ നിർദ്ദേശിക്കുന്നു. ജനം രാജാവിനെ പുകഴ്ത്തിപ്പാടുന്നു.

രാജാവ് വിജയിക്കട്ടെ എന്ന് ഒന്നാം പ്രജ പറയുമ്പോൾ രാജാവിന് വിജയംനേർ ന്നതിനുശേഷം പാവപ്പെട്ടവരായ നാം വിശപ്പടക്കാൻ എന്തുചെയ്യുമെന്നാണ് രണ്ടാമൻ ചോദിക്കുന്നത്. ഇത്തരം അവശബ്ദങ്ങൾ ഉണ്ടാക്കുന്നവരെ പുറത്താക്കണമെന്ന് മൂന്നാമൻ പറയുമ്പോൾ നാലാം പ്രജയും അത് പിൻതാങ്ങുന്നു. രാജാവിന്റെ കാലുകൾ കണ്ടാൽ വിശക്കില്ലെന്നു പറയുകയും എല്ലാവരും ചേർന്ന് പ്രർത്ഥന നടത്തുകയും ചെയ്യുന്നു.

കയ്യിൽ ഒരു പുസ്തകവുമായി ചിന്താരാമനും കേവലരാമനും പ്രവേശിക്കുന്നു. കേവലരാമൻ ഭയത്തോടെ നിങ്ങൾ ആരാണ് എന്ന് ചിന്താരാമനോട് ആരായുന്നു. നിങ്ങൾക്ക് പിടികിട്ടാത്ത ആളാണ് താനെന്നു പറഞ്ഞു ചിന്താരാമൻ പുസ്തകവായന തുടങ്ങി. ഈ പുസ്തകം എന്താണെന്നു ചോദിച്ചപ്പോൾ നിങ്ങൾക്കത് മനസ്സിലാകില്ലെന്നു പറഞ്ഞു. വായിക്കാനാണോ പോകുന്നത്. നിങ്ങൾ ക്കിവിടെ ഭയം തോന്നുന്നില്ലേ എന്ന് കേവലരാമൻ ചോദിച്ചപ്പോൾ ഇല്ല എന്നും അത് സമീപനത്തിന്റെ വ്യത്യാസമാണെന്നും ചിന്താരാമൻ മറുപടി പറഞ്ഞു. ചിന്താരാമന്റെ വായനയെ കേവലരാമന്റെ സംസാരം ശല്യപ്പെടത്തിതുടങ്ങിയപ്പോൾ രാജാവിന്റെ മരക്കാലുകൾ മാറ്റി സിംഹാസനത്തിൽ ഇരിക്കുവാൻ നിർദ്ദേശിക്കുന്നു. കേവലരാമൻ സിംഹാസനത്തിലിരുന്ന് ഉറക്കം തുങ്ങുമ്പോൾ നിയമപാലകനായ കൊത്തുവാൾ ദണ്ഡുമായി കവാത്തുചെയ്തു പ്രവേശിക്കുന്നു. കൊത്തുവാൾ കേവലരാമനെ പേടിപ്പിച്ച് ഇരിപ്പിടത്തിൽ നിന്ന് ഓടിപ്പിക്കുവാൻ ശ്രമികക്കുമ്പോൾ ചിന്താരാമൻ ആപത്തിൽ ചാടല്ലേ എന്ന് കൊത്തുവാളിനെ ഓർമ്മപ്പെടുത്തുന്നു. കൊത്തുവാൾ അധികാര ചിഹ്നമായ ദണ്ഡ് ഉയർത്തിക്കാട്ടിയപ്പോൾ ചിന്താരാമൻ പുസ്തകം ഉയർത്തിക്കാട്ടി. കൊത്തുവാൾ കേവലരാമനെ പിടിച്ചിറക്കി ദണ്ഡുകൊണ്ട് മർദ്ദിക്കുന്നു. ചിന്താരാമൻ ഇതൊന്നും ശ്രദ്ധിക്കാതെ വായനയിൽ മുഴുകുന്നു. അഗ്നിവർണമഹാരാജാവിന്റെ കാലുകൾ അല്ലാതെ ശരീരമെവിടെയെന്ന് കേവലരാമൻ കൊത്തുവാളിനോടു ചോദിക്കുന്നു.ശരീരവും തലയും കയ്യും ചെവിയും മസ്തിഷ്കവും മൂക്കും ശബ്ദവുമെല്ലാം പിന്നിൽ അതതിന്റെ സ്ഥാനത്തുണ്ടെന്ന് കൊത്തുവാൾ പറഞ്ഞു.

ആ ഘടന തനിക്കറിയമെന്ന് പറഞ്ഞ്, കേവലരാമന്റെ അവസ്ഥകണ്ട് രസിക്കാനാണ് വന്നതെന്ന് ചിന്താരാമൻ പറഞ്ഞു. രാജാവിനോട് സങ്കടം പറയാനാണ് വന്നതെന്ന് കേവലരാമൻ പറഞ്ഞു. കാലുകളോട് എങ്ങനെ സങ്കടം പറയാനാകുമെന്ന് കുഴങ്ങുന്ന കേവലരാമനോട് ആ കാലുകൾ തന്റേതാണെന്ന് ചിന്താരാമൻ പറഞ്ഞു. ചിന്താരാമനും കൊത്തുവാളും രാജാവിനെ ചൊല്ലി തർക്കമായി. കൊത്തുവാൾ ദണ്ഡ് ഉയർത്തിക്കാണിച്ചപ്പോൾ ചിന്താരാമൻ പുസ്തകം ഉയർത്തിക്കാണിച്ചു. ചിന്താരാമന്റെ പുസ്തകത്തേക്കൾ വലിയ പുസ്തകങ്ങൾ നേരമില്ലാത്തതിനാൽ മറ്റൊരാളെക്കൊണ്ട് വായിപ്പിച്ച് രാജാവ് ഭക്ഷിക്കാറുണ്ടെന്ന് കൊത്തുവാൾ പറഞ്ഞു. ഉടനെ രാജാവിന്റെ വരവ് അറിച്ചുകൊണ്ടുള്ള കൊമ്പുവിളി ഉയർന്നു. കൊത്തുവാൾ ചിന്താരാമനെയും കേവലരാമനെയും തള്ളിമാറ്റാൻ ശ്രമിച്ചു. രാജാവിനെ കാണണമെന്നു പറഞ്ഞ് അവർ മാറാതെ നിന്നു.

രാജഗുരു പ്രവേശിക്കുന്നു. രാജാവിന് പിടിപ്പത് പണിയുണ്ട്. അതിനാൽ പരാതികളൊക്കെ കാലുകളോട് പറഞ്ഞോളൂ എന്നദ്ദേഹം ഓർമ്മിപ്പിച്ചു. താൻ എഴുതിയെടുത്ത് രാജാവിനെ അറിയിക്കുന്നതാണ്. ഭ്രാന്ത് പിടിച്ചരാജാവ്, ഇന്ദ്രയലഹരിയിൽ സൂര്യവംശത്തെ നശിപ്പിച്ചുവെന്ന് ചിന്താരാമൻ പറഞ്ഞപ്പോൾ ചിന്താരാമനെ തൂക്കിലേറ്റുമെന്ന് രാജഗുരു പറഞ്ഞു. കേവലരാമൻ ചിന്താരാമന്റെ പുസ്തകം ഉയർത്തിയും കൊത്തുവാൾ ദണ്ഡ് ഉയർത്തിയും യുദ്ധം തുടങ്ങി. രാജഗുരുവും ചിന്താരാമനും കൊത്തുവാളും സിംഹാസനത്തിൽ ഇരിക്കുന്നതിനെച്ചൊല്ലി തർക്കമായി. ഉടനെ രാജാവിന്റെ വരവ് അറിയിച്ചുകൊണ്ടുള്ള കാഹളം മുഴങ്ങി.വിദൂഷകൻ പ്രവേശിക്കുന്നു. അഗ്നിവർണനുണ്ടോ എന്ന സംശയം കേവലരാമൻ ഉന്നയിക്കുന്നു.വിദൂഷകനാണോ രാജാവ് എന്ന് കേവലരാമന് സംശയമുണ്ടായപ്പോൾ അയ്യാൾക്ക് രണ്ട് കാലുകൾ വെറെയുണ്ടല്ലോ എന്ന് ചിന്താരാമൻ പറഞ്ഞു. വിദൂഷകൻ രാജാവിന്റെ കാലുകൾ തിരികെ കൊണ്ടു പോകുവാൻ എത്തിയതായിരുന്നു. ഈ സന്ദർഭത്തിലാണ് അടിച്ചുതളിക്കാരിയുടെ രംഗ പ്രവേശം. കെടുകാര്യസ്ഥതയും വാചാലതയും മാത്രം കൈമുതലുണ്ടായിരുന്നവരെ അവിടെ നിന്നു ആട്ടിപ്പായിക്കുന്നു. എനിക്ക് ഇവിടമൊക്കെ ഒന്ന് അടിച്ചുവാരാനുണ്ട് എന്നും അവൾ പറയുന്നു. തുടർന്ന് എല്ലാം അടിച്ചുവാരി വൃത്തിയാക്കുന്നു. രാജാവിന്റെ തിരുവെഴുത്തുകൾ തയ്യാറാക്കുന്ന തനിക്ക് രാജഭരണത്തിന് സമയം കളയാൻ ആവില്ലെന്നു പറഞ്ഞ് രാജാവിന്റെ കാലുകളുമായിപ്പോകുന്നു. എല്ലാവരും പിരിയുന്നു.

▬ ▬ ▬

ചോദ്യങ്ങൾ..

1. "അഗ്നിവർണന്റെ കാലുകൾ "എന്ന നാടകത്തിലെ ആക്ഷേപഹാസ്യാംശം താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി നിരൂപണം തയ്യാറാക്കുക.

   അധികാരജീർണതയുടെ പ്രതീകമായി മാറുന്ന രാജാവ്

   അധികാരത്തിന്റെ ഇടനാഴികളിലെ ഉപജാപക വൃന്ദം

2." അടിച്ചുതളിക്കാരി "എന്ന കഥാപാത്രത്തിന്റെ രംഗ പ്രവേശത്തോടെ നാടകത്തിന് കൈവരുന്നസാമൂഹികമാനം ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

നാടകത്തിന്റെ ദൃശ്യാവിഷ്കാരം അയക്കുന്നു.നന്നായി കാണുക.

ആവർത്തിച്ചു കണ്ട് മനസ്സിലാക്കുക.

ബി.കെ. മണിരാജ്

# പദത്തിന്റെ
# പഥത്തിൽ



കലാമണ്ഡലം ഹൈദരാലി

പ്രസിദ്ധനായ കഥകളിഗായകനായിരുന്ന **കലാമണ്ഡലം ഹൈദരാലി** (1946 ഒക്ടോബർ 6-2006 ജനുവരി 5). ഹൈന്ദവക്ലാസ്സിക്കൽ കലാരൂപമായ കഥകളിരംഗത്ത് പ്രവർത്തിച്ച ആദ്യമുസ്ലീമാണ് ഇദ്ദേഹം. ഭാവാത്മകമായ ആലാപനത്തിലൂടെ കഥകളിസംഗീതത്തെ ജനപ്രിയമാക്കിയ കലാകാരനാണ് ഹൈദരാലി. സ്വദേശത്തും വിദേശത്തും നിരവധി വേദികളിൽ ആലാപനം നിർവ്വഹിച്ചിട്ടുണ്ട്. നിരവധി എതിർപ്പുകളെ നേരിട്ടാണ് ഹൈദരാലി കലാപ്രവർത്തനം നടത്തിയത്.

## ജീവചരിത്രം

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിക്കടുത്ത് ഓട്ടുപാറയിൽ മൊയ്തുട്ടിയുടെയും ഫാത്തിമയുടെയും മകനായി 1946 ഒക്ടോബർ ആറിന് ജനിച്ച ഹൈദരാലി കടുത്ത ദാരിദ്ര്യലാണ് കുട്ടിക്കാലം ചെലവഴിച്ചത്. കുട്ടിക്കാലം മുതൽ സംഗീതം ഇഷ്ടപ്പെട്ട ഹൈദരാലി പാട്ടുകാരൻ ബാപ്പുട്ടിയെന്നായിരുന്ന അറിയപ്പെട്ടിരുന്നത്. കലാമണ്ഡലത്തിലെത്തിയതോടെ കഥകളി സംഗീതമാണ് തന്റെ തട്ടകമെന്ന് ഈദ്ദേഹം തിരിച്ചറിഞ്ഞു. പതിനൊന്നാം വയസിൽ അഞ്ചാം ക്ലാസ് വിദ്യാഭ്യാസത്തിനുശേഷം 1957 മുതൽ 65 വരെ കലാമണ്ഡലത്തിൽ കഥകളിസംഗീതവിദ്യാര്ത്ഥിയായി. കഥകളിസംഗീതത്തിൽ നിരവധി എതിർപ്പുകളെ നേരിട്ടാണ് ഹൈദരാലി പ്രവർത്തിച്ചത്. പിന്നീട് ഈ രംഗത്തുള്ള തന്റെ കഴിവ് മൂലം യാഥാസ്ഥിതികരെ നിശ്ശബ്ദനാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 1957 മുതൽ 65 വരെ കലാമണ്ഡലത്തിൽ കഥകളിസംഗീതം അഭ്യസിച്ച ഹൈദരാലി നീലകണ്ഠൻനമ്പീശൻ, ശിവരാമൻനായർ, കാവുങ്ങൽ മാധവപ്പണിക്കർ, കലാമണ്ഡലം ഗംഗാധരൻ എന്നിവരിൽ നിന്നും കഥകളിപ്പദം പഠിച്ചു. 1960 ലായിരുന്നു അരങ്ങേറ്റം. പിന്നീട് കളമശ്ശേരിയിലെ ഫാക്ടിൽ കഥകളി അദ്ധ്യാപകനായി. കലാമണ്ഡലത്തിൽ വിസിറ്റിംഗ് പ്രഫസറായും പ്രവർത്തിച്ചു.

പദങ്ങൾ ആവർത്തിച്ച് പാടേണ്ടി വരുമ്പോൾ വൈവിധ്യമാർന്ന സംഗതികൾ കോർത്തിണക്കാൻ ഹൈദരാലി ശ്രദ്ധിച്ചിരുന്നു. പലപ്പോഴും അരങ്ങിലെ നടീനടന്മാരെ മറന്ന് സംഗീതത്തിന്റെ ഭാവത്തിൽ ലയിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ആലാപനശൈലി പലപ്പോഴും വിമർശനങ്ങൾക്ക് വിധേയമായി. പക്ഷേ ഹൈദരാലി തന്റെ രീതിയിൽ ഉറച്ചുനിൽക്കുകയും കഥകളിസംഗീതത്തിൽ ആ ശൈലിക്ക് സ്വീകാര്യത നേടുകയും ചെയ്തു. സംഗീതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നാടൻപാട്ട് തൊട്ട് ശാസ്ത്രീയ സംഗീതകച്ചേരിയുടെ അവതരണം വരെയുള്ള എല്ലാ മേഖലകളിലും അദ്ദേഹം സ്വന്തം സ്ഥാനം അദ്വിതീയം എന്ന് തെളിയിച്ചു. കർണാടക സംഗീതത്തിന്റെയോ കഥകളിയുടെയോ പശ്ചാത്തലവും അറിവുമില്ലാതെ കലാമണ്ഡലത്തിലെത്തിയ ഹൈദരാലി കഥകളി സംഗീതത്തിലെ കുലപതിയായി മാറുകയായിരുന്നു.

## മരണം

2006 ജനുവരി അഞ്ചിന് തൃശ്ശൂർ-ഷൊർണൂർ റോഡിലുണ്ടായ ഒരു വാഹനാപകടത്തിൽ ഹൈദരലി അന്തരിച്ചു. ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാനായി തന്റെ പൂർവ്വകലാലയത്തിലേയ്ക്ക് പോകുകയായിരുന്ന ഹൈദരാലി ഓടിച്ചിരുന്ന മാരുതികാർ തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കരയിൽ വച്ച് മണൽലോറിയുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്. കാർ വെട്ടിപ്പൊളിച്ചാണ് ഹൈദരാലിയെ പുറത്തെടുത്തത്. സംഭവസ്ഥലത്തു വച്ചുതന്നെ അദ്ദേഹം മരിച്ചു.അമ്പത്തൊമ്പത് വയസ്സായിരുന്നു അദ്ദേഹത്തിന്. ഭാര്യയും രണ്ട് മക്കളുമുണ്ട്. മൃതദേഹം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ഓട്ടുപാറ ജുമാ മസ്ജിദിൽ സംസ്കരിച്ചു.

കുടുംബം- ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം വടക്കാഞ്ചേരിയിലാണ് ഹൈദരാലി താമസിച്ചിരുന്നത്. അഫ്സയാണ് ഭാര്യ. ഹരീഷ് മകനും ഹസിത മകളുമാണ്.

## പാഠ സംഗ്രഹം

ഓട്ടുപാറയിലെ പാട്ടുകാരൻ മൊയ്തുട്ടിയ്ക്ക് വയസ്സാം കാലത്ത് പടച്ചോൻ കൊടുത്ത ചെക്കൻ. ഒമ്പത് പ്രസവിച്ച, ഇനി പ്രസവിക്കില്ലെന്നു കരുതിയിരുന്ന പാത്തുമ്മയെ അത്ഭുതപ്പെടുത്തിയ ഗർഭം. നാട്ടുകാർക്കിതൊരു വിസ്മയമായിരുന്നു. പറഞ്ഞു ചിരിക്കാൻ അവർക്കൊരു കാര്യം കിട്ടിയതിന്റെ ആഹ്ലാദം. നാട്ടുകാരുടെ കളിയാക്കലിൽ മനം നൊന്തും നാണം കൊണ്ടും ഉമ്മ മാറി താമസിച്ചു. ആർക്കും ആവശ്യമില്ലാത്തൊരു ജന്മമായി ഉമ്മയുടെ വയറ്റിൽ ഞാൻ വളർന്നു. വികൃതരൂപിയായ ഒരു ചെക്കനെയാണ് ഉമ്മ പെറ്റത്.

പടച്ചോൻ തരണതല്ലേ എന്ന ദൈവകൃപയിൽ വിശ്വസിച്ച ബാപ്പ എന്നെ സ്നേഹിച്ചു. അഞ്ചു വയസ്സുവരെയേ ആ ലാളന അനുഭവിക്കാൻ കഴിഞ്ഞുള്ളു. ഹൈദരിന്റെ തല കണ്ടപ്പളയ്ക്കും മൊയ്തുട്ടി പോയി എന്ന് പലരെക്കൊണ്ടും പറയിപ്പിക്കാൻ കൂടിയായി ഈ പാഴ്ജന്മം. തിരസ്കൃതനായിട്ടാണ് ഞാൻ ജനിച്ചതും വളർന്നതും. അനേകം നിർ ഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ചില ഭാഗ്യങ്ങളുടെ പേരിലാണ് ഞാനിന്ന് ജീവിക്കുന്നത്. വേദനിപ്പിക്കുന്ന ജീവിത യാഥാർത്ഥ്യങ്ങളുടെ ഈ തുറന്ന പറച്ചിലുകളിലൂടെ ഹൃദയപൂർവ്വം നാം സഞ്ചരിച്ചാൽ മലയാളത്തിന്റെ കലാ-സാഹിത്യ മണ്ഡലത്തിൽ അല്പം പോലും തിരസ്കൃതനാകാതിരുന്ന, കലയുടെ ജനാധിപത്യ വത്കരണത്തിന്റെ ഉത്തമോദാഹരണമായ കലാമണ്ഡലം ഹൈദരാലിയിലേയ്ക്ക് നാം നടന്നടുക്കും.

ബാപ്പ മടിയിലിരുത്തിപ്പാടിക്കൊടുത്ത മാപ്പിളപ്പാട്ടിന്റെ ഈണം ഉള്ളിലുറഞ്ഞു കിടന്നു. നാലരക്ലാസ്സിൽ സ്കൂൾ പഠനം അവസാനിച്ചു. അർഹതയോ പാരമ്പര്യമോ അവകാശപ്പെടാനില്ലാതിരുന്നിട്ടും സംഗീതലോകത്ത് എത്തിച്ചേരുക എന്നത് നിയോഗം തന്നെയാണ്. ലളിതഗാന മത്സരഫലവുമായി ബന്ധപ്പെട്ടതായിരുന്നു കലാമണ്ഡലം ഹൈദരാലി എന്ന പാട്ടുകാരന്റെ ഉദയം. ശിവരാമൻ നായർ എന്നൊരാളിന്റെ സഹായത്തിൽ കലാമണ്ഡലത്തിൽ ചേരുമ്പോൾ കഥകളി എന്താണെന്നു പോലും ഹൈദരിന് അറിയില്ലായിരുന്നു.1957- മെയ് മാസത്തിലാണ് കലാമണ്ഡലത്തിൽ ചേരുന്നത്. കുട്ടികളും രക്ഷിതാക്കളുമായി അനേകം പേർ ചേരാനായി എത്തിയിരുന്നു. തെരഞ്ഞെടുപ്പിനുള്ള അഭിമുഖത്തിനായി ഹൈദരിനെ വിളിച്ചു. ചോദ്യങ്ങൾക്കൊപ്പം ചില പാട്ടുകളും പാടിച്ചു. കുട്ടിയെ കലാമണ്ഡലത്തിലെടുത്താൽ സമുദായത്തിൽ പ്രശ്നമൊന്നുമുണ്ടാകില്ലല്ലോയെന്ന് ചോദ്യകർത്താക്കളിൽ ഒരാൾ ആരാഞ്ഞു. ഇല്ല എന്ന് മറുപടിയും. മഹാകവി വള്ളത്തോൾ, മുകുന്ദരാജ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് എന്നിവരാണ് ചോദ്യങ്ങൾ ചോദിക്കാൻ ഉണ്ടായിരുന്നതെന്ന് ഹൈദരാലി പിന്നിട് മനസ്സിലാക്കി. ക്ലാസ്സ് ആരംഭിക്കുന്ന അറിയിപ്പ് ലഭിക്കുമ്പോൾ എട്ടൊമ്പത് കൊല്ലം അവിടെ പഠിക്കാനുണ്ടാകും എന്നുമാത്രമേ ഹൈദരിന് അറിവുണ്ടായിരുന്നുള്ളു.

ക്ലാസ്സിൽ ചേരുന്നതിനു മുൻപ് രണ്ടായിരം രൂപകെട്ടി വയ്ക്കണമായിരുന്നു. ജാമ്യത്തുക കണ്ടെത്താൻ പെട്ടെന്ന് കഴിയാത്തതിനാൽ യഥാസമയം ചേരാനായില്ല. കാര്യങ്ങൾ മനസിലാക്കിയ സി.പി. ആന്റണി എന്നയാൾ പണം കൊട്ടിവച്ചു സഹായിച്ചു. അപ്പോഴേയ്ക്കും ഒപ്പമുള്ളവർ സപ്തസ്വരം പഠിച്ചു കഴിഞ്ഞിരുന്നു. ശങ്കരൻ എമ്പ്രാന്തിരി, മാടമ്പി സുബ്രഹ്മണ്യൻ നമ്പൂതിരി, തിരൂർ നാരായണൻ നമ്പീശൻ, ഹൈദരാവി എന്നിങ്ങനെ നാലുപേരെയാണ് ആ വർഷം തെരഞ്ഞെടുത്തിരുന്നത്. ഗുരുവായ നമ്പീശന് ദക്ഷിണവെച്ച് പഠനം ആരംഭിച്ചു. അവിടത്തെ ജീവിത രീതികളും ചിട്ടകളുമൊക്കെ അദ്ദേഹം പറഞ്ഞുകൊടുത്തു. സരിഗമപധനി നാലു പ്രാവശ്യം ചൊല്ലി നമ്പീശന്റെ ശിഷ്യനായി.

ഒരു മുസ്ലീം കുട്ടിയായതുകൊണ്ട് തന്നോടൊപ്പമിരിക്കാൻ മറ്റുകുട്ടികൾ തയ്യാറാകുന്നില്ല എന്ന സത്യം ആദ്യ ദിവസം തന്നെ ഹൈദരിനു മനസ്സിലായി. കാണാൻ കറുത്തിട്ടാണ്, ഉയരവും സൗന്ദര്യവുമില്ല എന്നിവയൊക്കെ അയിത്തത്തിന് കാരണമാണെന്ന് ബോധ്യപ്പെട്ടു. പഠിക്കുന്നിടത്തും കളിയ്ക്കുന്നിടത്തും മാത്രമല്ല മെസ്സിലും ഈ അകലം കണ്ടപ്പോൾ ഹൈദരാലിയുടെ മനസ്സ് വല്ലാതെ വേദനിച്ചു. ആരോട് പരാതി പറയാൻ. അതിനവസരമില്ല. വളരെ പ്രഭാതത്തിൽ ഉണർന്ന് ആറരവരെ സാധകം ചെയ്യണം. പിന്നീട് ഭാരതപ്പുഴയിൽ കുളി. എട്ടരയ്ക്കുള്ള ക്ലാസ്സിൽ തോടയം, വന്ദനശ്ലോകം എന്നിവയാണ് പഠിച്ചിരുന്നത്. ആദ്യവർഷം ഇത് മാത്രം. രണ്ടാം വർഷം പുറപ്പാട്, മേളപ്പദം എന്നിവ. കിർമ്മീരവധം നമ്പീശനാശാനും ഭാഗവതം ശിവരാമനാശാനുമാണ് മൂന്നാം വർഷം പഠിപ്പിച്ചിരുന്നത്. ഇരുവരുടേയും പാട്ടിനും പഠിപ്പിക്കലിനും വ്യത്യാസമുണ്ടായിരുന്നു. നമ്പീശൻ കസേരയിലിരുന്നും ശിവരാമൻ തറയിൽ കുന്തിച്ചിരുന്നു മുട്ടികൊണ്ട് താളം പിടിച്ചുമാണ് പഠിപ്പിച്ചിരുന്നത്. ഒരൊറ്റ പ്രാവശ്യം കേട്ടാൽ മതി അക്ഷരംപ്രതി മനഃപാഠമാക്കാനുള്ളൊരു കഴിവ് ഹൈദരിനുണ്ടായിരുന്നു. ഗുരുക്കൻമാർക്ക് ഹൈദർ പ്രിയങ്കരനാകുന്നത് അതുകൊണ്ടാണ്. അക്ഷരം നിഷ്കർഷത പുലർത്തിയിരുന്നു. ശിവരാമൻ അത്രത്തോളമില്ല.

EXPLORE THE LEGACY TO EXCEL
www.rrvgirls.com

ശിവരാമനാശന് മാനുഷിക പരിഗണന അധികമുണ്ടായിരുന്നു. അവധിക്കാലമാകുമ്പോൾ വീട്ടിൽ പോകാൻ കാശില്ലായിരുന്ന ഹൈദരാലിക്ക് കാശ് നൽകി വീട്ടിൽ പോയി വരാൻ നിർദ്ദേശിച്ചിരുന്നത് അദ്ദേഹമായിരുന്നു. നമ്പീശനാശാൻ ആവശ്യങ്ങൾക്കായി പോകുന്ന സന്ദർഭങ്ങളിൽ ക്ലാസ്സ് നടത്താൻ ഹൈദരാലിയെയാണ് ഏൽപ്പിച്ചിരുന്നത് എന്ന വലിയ സത്യവും അറിയേണ്ടതാണ്. ഒരു വർഷത്തോളമായപ്പോൾ തന്നോടുണ്ടായിരുന്ന അവജ്ഞയും അവഗണനയും കൂട്ടുകാർക്കിടയിൽ കുറഞ്ഞു വന്നു. അതിവേഗമായിരുന്നു ഹൈദരിന്റെ വളർച്ചയും പ്രശസ്തിയും. പക്ഷേ പൊതു സമൂഹം ഹൈദരിനെ കഥകളി കലാകാരനായിമാത്രം കണ്ടില്ല. തികച്ചും ഒരു മുസ്ലീം എന്നതിനപ്പുറം പോകാൻ പലരും വിസമ്മതിച്ചു. അതിനെ അതിജീവിക്കലായിരുന്നു പിന്നീടദ്ദേഹം ചെയ്തത്. എതിർപ്പുകളെ സധൈര്യം നേരിട്ടു. മനോഹരമായ കഥകളി സംഗീതത്തിലൂടെ. പലപ്പോഴും ഒഴിവാക്കലുകൾ ഏൽക്കേണ്ടി വന്നിട്ടുണ്ട്. സങ്കടപ്പെട്ടു പോയ, കരഞ്ഞുപോയ അനവധി സന്ദർഭങ്ങൾ. തളരാതിരുന്നത് തന്റെ ഹൃദയത്തിൽ ബാക്കിവച്ചിട്ടുപോയ ബാപ്പയുടെ പാട്ടിന്റെ ശക്തിതന്നെയാകണം.

താനൊരു പാഴ്ജന്മമാണ് എന്ന് കരുതിയിരുന്ന ഹൈദരാലി, തമ്പ്രാക്കൻമാർക്ക് മാത്രം എന്ന് വിധി കല്പിച്ചിരുന്ന കഥകളിപ്പാട്ടിന്റെ മഹാശൃംഗങ്ങളിലെത്തിയത് നോവിന്റെ പാഠങ്ങൾ മനഃപാഠമാക്കിയാണ്. മലയാളിയുടെ മനസ്സിനെ ത്രസ്സിപ്പിക്കുന്ന കഥകളിപ്പാട്ടിന്റെ മധുരതരമായ വേറിട്ട ശബ്ദത്തിന് എന്നും നൂറ് വയസ്സ്. കലയുടെ ജനാധിപത്യവത്കരണത്തിന്റ എക്കാലത്തേയും മരിക്കാത്തഓർമ്മയാണ് കലാമണ്ഡലം ഹൈദരാലി .

---

ചോദ്യങ്ങൾ ......

1. ജന്മസിദ്ധിയും സാധനയുമാണ് കലാകാരനെ രൂപപ്പെടുത്തുന്നത്. ഹൈദരാലിയുടെ ജീവിതം നൽകുന്ന അനുഭവപാഠമാണിത്. പ്രശസ്തരായ മറ്റു വ്യക്തികളുടെ ജീവിതത്തിൽ നിന്നും സമാന സന്ദർഭങ്ങൾ കണ്ടെത്തി നിങ്ങളുടെ നിരീക്ഷണവും ചേർത്ത് ഒരു ലേഖനം തയ്യാറാക്കുക.

* പ്രതിസന്ധികളെ അതിജീവിക്കലാണ് കല.

*പ്രതിഭജന്മസിദ്ധമാണ്.

*ചിട്ടയായ പരിശീലനം ആവശ്യമാണ്.

*ആത്മസമർപ്പണം കലയെ ദീപ്തമാക്കുന്നു.

2. "മനുഷ്യൻ നിർമ്മിച്ച അതിർവരമ്പുകളെ കല മായ്ച്ചു കളയുന്നു." കലാമണ്ഡലം ഹൈദരാലിയുടെ ജീവിതം ഈ പ്രസ്താവനയെ സാധൂകരിയക്കുന്നുണ്ടോ? പാഠഭാഗം അപഗ്രഥിച്ച് കുറിപ്പെഴുതുക.

---

ബി.കെ. മണിരാജ്, HSST മലയാളം, ഗവ.എച്ച്,എസ്,എസ്. പുതുപ്പറമ്പ്, മലപ്പുറം

www.rrvgirls.com